# Desabhimani
# 12 July 2018
# Ernakulam, Heavy Rainfall, Disasters

ച്ച ആറ് ഇഞ്ച് വ്യാസമുള്ള രണ്ട് പൈപ്പും മാലിന്യംനിറഞ്ഞ് അടഞ്ഞതാണ് വെള്ളക്കെട്ടിനു കാരണമെന്ന് നാട്ടുകാർ പറഞ്ഞു. കൗൺസിലർ പി ജി രാധാകൃഷ്ണനോട് വെള്ളക്കെട്ടിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ പണിക്കാരെ കിട്ടാനില്ലെന്നു പറഞ്ഞതായും ആരോപണമുണ്ട്.

## മഴ: വീടിന്റെ സംരക്ഷണഭിത്തി തകർന്നു

**മൂവാറ്റുപുഴ**

കനത്തമഴയിൽ വീടിന്റെ സംരക്ഷണ ഭിത്തി തകർന്നു. പായിപ്ര പഞ്ചായത്ത് അഞ്ചാം വാർഡിൽ മുളവൂർ പള്ളിപ്പടിക്കൽ മൈതീന്റെ വീടിന്റെ മുറ്റത്തോടു ചേർന്നുള്ള സംരക്ഷണഭിത്തിയാണ് തകർന്നത്. സമീപത്തുള്ള സഹോദരൻ ഇബ്രാഹിമിന്റെ വീട്ടിലേക്ക് ചൊവ്വാഴ്ച രാത്രിയാണ് വൻശബ്ദത്തോടെ ഭിത്തി തകർന്നുവീണത്. വീടിന്റെ ചുമരിന് കേടുപാടുകളുണ്ടായി. ശുചിമുറി തകർന്നു. വില്ലേജ് അധികൃതർ സ്ഥലത്തെത്തി.

## കുന്നിടിച്ചിൽ ഭീതിയിൽ 4 കുടുംബങ്ങൾ

**മുളന്തുരുത്തി**

തുടർച്ചയായി പെയ്യുന്ന കനത്ത മഴയിൽ വീടിനുസമീപത്തെ കുന്നിടിയുമോ എന്ന ഭീതിയിലാണ് നാലു കുടുംബങ്ങൾ. മുളന്തുരുത്തി പൈങ്ങാരപ്പിള്ളിയിൽ നടക്കാവ് ഹൈവേക്ക് സമീപം താമസിക്കുന്ന രാജശേഖരൻ, എൻ ജി ഗിരിജ, പുഷ്പ തേവൻ, കേളൻ സുകുമാരൻ എന്നിവരുടെ വീടുകളാണ് കുന്നിനടുത്തുള്ളത്. റോഡ് നിരപ്പിൽനിന്ന് 60 അടി ഉയരത്തിലാണ് കുന്ന്. കഴിഞ്ഞദിവസം ഒരുഭാഗം ഇടിഞ്ഞുവീണ് രാജശേഖരന്റെ തൊഴുത്തും വിറകുപുരയും തകർന്നിരുന്നു. മഴ കനക്കുമ്പോൾ കൂറ്റൻ കല്ലുകളാണ് താഴേക്ക് പതിക്കുന്നത്. രാത്രിയായാൽ ഭയംമൂലം ഉറങ്ങാൻ പോലും സാധിക്കില്ലെന്ന് ഇവർ പറയുന്നു. കുന്നിന്റെ ഉയരം കുറയ്ക്കണമെന്ന് കലക്ടർ ഉൾപ്പെടെ അധികൃതർക്ക് കുടുംബങ്ങൾ പരാതി നൽകിയിട്ടുണ്ട്.

## കുടമുണ്ട പാലം മുങ്ങി; ഗതാഗതം തടസ്സപ്പെട്ടു

**കോതമംഗലം**

കനത്തമഴയിൽ കുടമുണ്ട പാലം വെള്ളത്തിൽ മുങ്ങി ഗതാഗതം തടസ്സപ്പെട്ടു. മൂന്നു ദിവസമായി തുടരുന്ന മഴയിൽ തോടുകളും പുഴകളും നിറഞ്ഞു കവിഞ്ഞതോടെ പലയിടങ്ങളും വെള്ളത്തിൽ മുങ്ങി. പുഴയോരങ്ങളിൽ വെള്ളം കയറിയതിനെ തുടർന്ന് ഇവിടങ്ങളിലെ താമസക്കാരും താൽക്കാലികമായി മാറിയിരിക്കുകയാണ്. കോതമംഗലം ആറിൽ പരീക്കണ്ണി മുതൽ കോഴിപ്പിള്ളി വരെയുള്ള ഭാഗങ്ങളിലുള്ള മുഴുവൻ ചപ്പാത്തുകളും മുങ്ങിയതോടെ ജനങ്ങൾക്ക് ഇരുകരകളുമായി ബന്ധപ്പെടാനാകുന്നില്ല. കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ കുത്തുകുഴിയിൽനിന്ന് അടിവാട് ഭാഗത്തേക്കുള്ള റോഡിലെ കുടമുണ്ട പാലത്തിൽ വെള്ളം കയറിയതോടെ താൽക്കാലിക ഗതാഗത തടസ്സമുണ്ടായി. മഴ ഇനിയും തുടർന്നാൽ ഈ റോഡിലെ ഗതാഗതം പൂർണമായും നിലയ്ക്കും.



പഴങ്ങനാട് പാത്തിക്കുളങ്ങര മത്തായിയുടെ വീട്ടിലേക്ക് നിലംപൊത്താറായി നിൽക്കുന്ന കുന്ന്

## കുന്നിടിഞ്ഞുവീഴുമെന്ന ഭീതിയിൽ മത്തായിയും കുടുംബവും

**കിഴക്കമ്പലം**

മഴ കനത്തതോടെ വീടിനുമുകളിലേക്ക് കുന്ന് ഇടിഞ്ഞുവീഴുമെന്ന ഭീതിയിൽ ഒരു കുടുംബം. കിഴക്കമ്പലം പഞ്ചായത്തിലെ പഴങ്ങനാട് പാത്തിക്കുളങ്ങര മത്തായിയുടെ വീട്ടിലേക്കാണ് 25 അടിയോളം ഉയരമുള്ള കുന്ന് ഇടിഞ്ഞുവീഴാറായി നിൽക്കുന്നത്. ബുധനാഴ്ചത്തെ കനത്ത മഴയിൽ കുന്നിന്റെ കുറച്ചുഭാഗം വീടിന് താഴേക്ക് ഇടിഞ്ഞിറങ്ങിയത് വീട്ടുകാരെ ആശങ്കയിലാഴ്ത്തി. ഇവിടെ നിരവധിത്തവണ മണ്ണിടിച്ചിൽ ഉണ്ടായിട്ടുള്ളതായി വീട്ടുകാർ പറഞ്ഞു. താഴ്ന്നപ്രദേശമായതിനാൽ മഴക്കാലത്ത് ഭീതിയോടെയാണ് മത്തായിയും കുടുംബവും കഴിയുന്നത്. കുന്നിന്റെ മുഴുവൻ ഭാഗവും ഇടിഞ്ഞാൽ വീടുതന്നെ അപകടത്തിലാകുന്ന സ്ഥിതിയാകും. കുന്നിന്റെ ഉയരംകുറച്ച് വീടിനോടുചേർത്ത് മൺഭിത്തി നിർമിച്ചാൽമാത്രമേ ഇതിനു പരിഹാരം കാണാൻ സാധിക്കൂവെന്നാണ് മത്തായി പറയുന്നത്. വരുംദിവസങ്ങളിലും മഴ ശക്തമായാൽ സ്വന്തംവീട്ടിൽ എങ്ങനെ കിടന്നുറങ്ങുമെന്ന ആശങ്കയിലാണ് മത്തായിയും കുടുംബവും. സമീപത്ത് വേറെ വീടുകളൊന്നുമില്ലാത്തതിനാൽ ഒരു അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിനുപോലും ആരുമില്ലാത്ത അവസ്ഥയാണ്. ഒറ്റപ്പെട്ട വീടായതിനാൽ അധികൃതർ പ്രശ്നത്തിൽ ഇടപെടുന്നില്ലെന്നും ആരോപണമുണ്ട്.

## മരം വീണ് ഗതാഗതം തടസ്സപ്പെട്ടു

**കളമശേരി**

വല്ലാർപ്പാടം കണ്ടെയ്നർ റോഡിൽ ഏലൂർ പഴയ ജെഎൻഎം ആശുപത്രിക്കു സമീപം ചൊവ്വാഴ്ച രാത്രി 7.30 ഓടെ മരം കടപുഴകി റോഡിലേക്കു വീണു. ഒരുമണിക്കൂറോളം ഗതാഗത തടസ്സപ്പെട്ടു. ഏലൂർ അഗ്നിരക്ഷാ നിലയത്തിൽനിന്ന് സേനാംഗങ്ങളെത്തി മരം മുറിച്ചുമാറ്റി ഗതാഗതതടസ്സം നീക്കി.

## മരംവീണ് വീടിന്റെ ഗേറ്റ് തകർന്നു

**പള്ളുരുത്തി**

കനത്ത കാറ്റിലും മഴയിലും കുമ്പളങ്ങിയിൽ മരം കടപുഴകിവീണ് വീടിന്റെ ഗേറ്റ് തകർന്നു. കുമ്പളങ്ങി പഞ്ചായത്ത് 11-ാം വാർഡിൽ എസ്എൻഡിപി അമ്പലത്തിനുപിന്നിൽ പടക്കാറ വീട്ടിൽ രാജേഷിന്റെ പറമ്പിലെ കശുമാവാണ് ബുധനാഴ്ച പകൽ മൂന്നോടെ വീണത്. വൈദ്യുതക്കമ്പിപൊട്ടിയതിനാൽ മണിക്കൂറുകളോളം പ്രദേശത്ത് വൈദ്യുതിബന്ധവും നിലച്ചു.